# ROOTS

VOL 6 ISSUE 3 MAY 2026

Newsletter of Alumni Association of NSSCE

## This issue:

News from Chapters — Page 02

Alumni Achievements — Page 06

Alumni Spotlight — Page 09

@NSSCE — Page 11

**VISION OF OUR COLLEGE**

"To achieve excellence in technical education through determined learning and research inculcating values and shaping socially responsible professionals."

**MISSION OF OUR COLLEGE**

"1. To impart technical competence to face present & emerging challenges towards building sustainable and quality living.

2. To inculcate spirit of research, innovation and entrepreneurship through decisive learning

3. To foster a culture conducive to well-being of society through ethical and professional practice."

We solicit literary contributions from NSSCE alumni, faculty and students for the bimonthly newsletter published by AANSSCE. The articles in the form of poems, short stories, travelogues or cartoons may be mailed to secretarynsscealumni@gmail.com

# MESSAGE



Dear members of the Alumni Association,

It is my proud privilege and I feel so happy to give a message in "ROOTS", the newsletter published by the Alumni Association of our great Institution, NSS College of Engineering". It gives me immense pleasure to connect with you again through this newsletter.

Stepping out of the institution where I spent more than three decades of the most vibrant and active years of my life fills me with deep emotion and gratitude. I owe all my achievements to this great institution. The years I spent at NSS will always remain the golden period of my life. Teaching was not merely a profession but my true passion, and I was able to cherish every single day of it thanks to the constant guidance and support of my seniors, along with the love and cooperation of my colleagues and students. By God's grace, I had the privilege of retiring as the Head of the Institution and contributing, in every way I could, to its growth and development. NSS College of Engineering has many unique strengths, among which its strong and active Alumni Chapter stands out prominently. The remarkable contributions of our alumni - in the form of scholarships, infrastructure support, accreditation efforts, academic and research initiatives, and their unwavering moral support - are truly commendable. I extend my heartfelt appreciation to the executive members of the Alumni Chapter for their sincere and dedicated efforts toward the welfare of their alma mater.

It gives me immense pride and happiness to see my students excel and rise to prominent positions in both public and private sectors, as well as in academic institutions. I encourage all of you to stay connected, support one another, and contribute in whatever way possible to the continued progress of your alma mater. I extend my warmest wishes to each one of you for continued success, good health, and fulfillment in all your endeavors.

With affection and prayers,<br>
Dr. Geetha Varma<br>
Former Principal.



NSS College of Engineering, Palakkad, Kerala – 678008<br>
Grant in – Aid Institution, Govt. of Kerala,<br>
Affiliated to A.P.J. Abdul Kalam Technological University, Established in 1960<br>
Ph : 0491-2555255, 2555900 web : www.nssce.ac.in

## From Palakkad Chapter (PALMNEST)

### നിലമ്പൂർ യാത്ര... ഒരവലോകനം

നീലഗിരി മലനിരയുടെ ഭാഗമായ നിലമ്പൂർ വനനിരകളിലേക്ക് ഒരു വിനോദ യാത്ര... വർഷങ്ങളോളം മണ്ണാർക്കാട് ഭാഗത്തു ജീവിച്ചുവെങ്കിലും അടുത്തുള്ള നിലമ്പൂർ പ്രദേശത്തേക്ക് പോകാനും അവിടുത്തെ ഉൾക്കാഴ്ചകൾ കാണാനും സാധിച്ചത് ഏപ്രിൽ 11, 2026 നു ആണ്. NSSCE Alumni Palakkad Chapter ആയ PALMNEST സംഘടിപ്പിച്ചതായിരുന്നു ഏപ്രിൽ 11ന് നിലമ്പൂരിലേക്കുള്ള ഈ യാത്ര.

രാവിലെ 6 മണിക്ക് പാലക്കാട് നിന്ന് ട്രെയിനിലാണ് യാത്ര ആരംഭിച്ചത്. ട്രെയിൻ യാത്ര അതീവ സുന്ദരമായിരുന്നു. പാടങ്ങളും ഇടയ്ക്കു വരുന്ന പുഴകളും തടയിണകളും ആനന്ദം നൽകുന്ന കാഴ്ച തന്നെ ആയിരുന്നു. ഇതിനിടയിൽ, വളരെ നേരത്തെ എഴുന്നേറ്റതുകൊണ്ടാവാം ചിലരൊക്കെ നേരിയ ആലസ്യത്തിലും ആയിരുന്നു. അതിനിടയിൽ ആരോ പ്രഭാത ഭക്ഷണം കഴിച്ചാലോ എന്നു ചോദിച്ച ഉടനെ ഇഡ്ഡലി പ്രേമിയായ നമ്മുടെ സുഹൃത്ത് രാജേഷ് ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു. കൊണ്ടുവന്ന ഇഡ്ഡലി, സാമ്പാർ, ചട്ണി എല്ലാവർക്കുമായി കൊടുക്കാൻ റിജോ, പ്രസാദ്, മോഹൻദാസ്, തുടങ്ങിയവർ മുൻകൈ എടുത്തു. നല്ല രുചികരമായ ഭക്ഷണമായിട്ടും കൂടുതൽ ഓർഡർ ചെയ്തത് കാരണം കുറച്ചധികം ബാക്കി വന്നു. അത് വെറുതെ കളയാൻ മനസ്സില്ലാത്തത് കൊണ്ട് അത് കൂടി തീർക്കാൻ സലീം, വാസന്തി എന്നിവർ ഗ്രൂപ്പിൽ ഇല്ലാത്ത ചില യാത്രക്കാരുടെ വിശപ്പ് കൂടി മാറ്റി കൊണ്ട് ആ ദൗത്യം വിജയകരമായി പൂർത്തിയാക്കി. ഞങ്ങളുടെ ഉത്സാഹം കാരണമാണോ എന്നറിയില്ല, പറഞ്ഞ സമയത്തിന് മുൻപേ 8.30 നു തന്നെ ട്രെയിൻ സ്റ്റേഷനിൽ എത്തി. അധികം തിക്കും തിരക്കും ഒന്നും തോന്നിയില്ല. നല്ല വൃത്തിയുള്ള റെയിൽവേ സ്റ്റേഷൻ...

ഞങ്ങളുടെ ബാച്ചിലെ നിലമ്പൂർകാരനായ അബ്ദുൽ നാസർ നേരത്തെ ഏർപ്പാടാക്കിയ ബസ് ഞങ്ങളെ കാത്ത് നിൽപ്പുണ്ടായിരുന്നു. ചാലിയാർ പുഴയുടെ തീരത്തു സ്ഥിതി ചെയ്യുന്ന നിലമ്പൂരിന് എന്തൊക്കെയോ പ്രത്യേകതകൾ തോന്നി. എന്തോ ഒരു ശാന്തത അനുഭവപ്പെട്ടു. ആദ്യം പോയത് ആഢ്യൻപാറ വെള്ളച്ചാട്ടം കാണാനായിരുന്നു. വെള്ളച്ചാട്ടം എന്ന ഫലകം കണ്ടു. പക്ഷെ അവിടെ വെള്ളം ഉണ്ടായിരുന്നു, വെള്ളച്ചാട്ടം ഇല്ലായിരുന്നു. കടുത്ത വേനലിന്റെ സമ്മർദ്ദം പുഴയെ വല്ലാതെ ബാധിച്ചിരിക്കുന്നു. നീരുറവ പോലെ മാത്രം ഒഴുകുന്ന വെള്ളച്ചാട്ടം. എങ്കിലും അവിടുത്തെ കാഴ്ച സുന്ദരമായിരുന്നു. മലനിരകളുടെ പശ്ചാത്തലത്തിൽ ചെങ്കുത്തായ പാറകളിലൂടെ ഒഴുകിയിറങ്ങുന്ന അരുവി.... എല്ലാവരും കാൽ നനച്ചു. ഫോട്ടോ പ്രേമികൾ നിറയെ ഫോട്ടോകൾ എടുക്കാനുള്ള തിരക്കിലായിരുന്നു.





















പിന്നീട് തേക്ക് മ്യൂസിയം കാണാൻ ആണ് പോയത്. തേക്ക് മരത്തിന്റെ സയൻസ്, ചരിത്രം ഒക്കെ അറിയാൻ താല്പര്യം ഉള്ളവർക്ക് പ്രയോജനപ്പെടുന്ന മ്യൂസിയം തന്നെ. കൂടെ ജൈവ പാർക്കും മരുന്ന് ചെടികളുടെ പാർക്കും ഒക്കെ കണ്ടു. കടുത്ത വേനലിന്റെ ദയനീയത ഉണ്ടെങ്കിലും ഗാർഡൻ ഒരുവിധം ഭംഗിയായി വെച്ചിരിക്കുന്നതായി തോന്നി. അടുത്തത് "കനോലി പ്ലോട്ട്" എന്ന സ്ഥലത്തേക്കായിരുന്നു യാത്ര. ലോകത്തിലെതന്നെ ആദ്യത്തെ തേക്ക് plantation ഇവിടെയാണെത്രെ. 1500 ഏക്കർ ഉണ്ടായിയുന്ന plantation (year 1846) ഇപ്പോൾ കേവലം 5.6 ഏക്കർ ആയി ചുരുങ്ങിയത്രെ. എത്ര വേഗത്തിൽ ആണ് കാട് നാടാകുന്നത് അല്ലെ? മലനിരകളിൽനിന്ന് ഒഴുകിവരുന്ന ചാലിയാർ പുഴ. അതീവ ഭംഗിയേകുന്ന കാഴ്ച. കൂട്ടത്തിൽ വേറെ രണ്ടു പോഷക നദികളും ചേരുന്ന പ്രദേശം. വിവരങ്ങൾ നൽകാൻ കൂടെ വിനോദ് എന്ന വന ഉദ്യോഗസ്ഥൻ ഞങ്ങളുടെ കൂടെ കൂടി. വിശദമായി തേക്കിനെപ്പറ്റിയും ചാലിയാറിനെപ്പറ്റിയും ഒക്കെ പറഞ്ഞു തന്നു. വർഷങ്ങൾക്കു മുമ്പുണ്ടായ വയനാട് ദുരന്തത്തിൽ ഒഴുകിവന്ന ശവശരീരങ്ങൾ, അവയവങ്ങൾ ഒക്കെ അടിഞ്ഞുകൂടിയ സ്ഥലം കൂടി ആണ് ഈ പ്രദേശം എന്നു പറഞ്ഞപ്പോൾ വല്ലാതെ വേദന തോന്നി.

അടുത്ത യാത്ര ഉച്ച ഭക്ഷണം കഴിക്കാനുള്ള ഹോട്ടലിലേക്കായിരുന്നു. മൃഷ്ടാന്നം കഴിച്ചതിനുശേഷം നിലമ്പൂർ കോവിലകത്തിന്റെ അവശേഷിച്ചു കിടക്കുന്ന ഭാഗങ്ങൾ ഒരോട്ട പ്രദക്ഷിണം നടത്തിയതിനുശേഷം KADIR ഫാം കാണാൻ പോയി .സമയക്കുറവു കാരണം അധികം കാഴ്ചകൾ കാണാൻ നിൽക്കാതെ ഞങ്ങളുടെ ബാച്ചിലെ (1981-86) അബ്ദുൾ നാസറിന്റെ വീട്ടിൽ ചായ സൽക്കാരം സ്വീകരിക്കാൻ ആയി പോയി. ചായയും കൂടെയുണ്ടായിരുന്ന "കടികളും" വെട്ടിവിഴുങ്ങി ഏമ്പക്കം വിട്ട് നാസറിനും കുടുംബത്തിനും നന്ദി പറഞ്ഞുകൊണ്ട് തിരിച്ചു റെയിൽവേ സ്റ്റേഷനിലേക്കു മടങ്ങി. കൃത്യം 4.05 നു സ്റ്റേഷനിൽ എത്തി. ട്രെയിനിൽ നിറയെ കാലി സീറ്റുകൾ ഉണ്ടാവും എന്ന പ്രതീക്ഷയിൽ വന്നപ്പോൾ തികച്ചും ഞെട്ടിക്കുന്ന കാഴ്ച ആയിരുന്നു. ട്രെയിനിന്റെ ഏകദേശം അവസാനം വരെ പോകേണ്ടി വന്നു കുറച്ചെങ്കിലും സീറ്റുകൾ ഉള്ള ബോഗി കണ്ടുപിടിക്കാൻ. പിന്നെ അവിടെയും ഇവിടെയും ഒക്കെ ഇരുന്ന് തിരിച്ചുള്ള യാത്ര തുടങ്ങി. സീറ്റ് തിരയുന്ന തത്രപ്പാടിൽ വനിതകൾക്കായുള്ള ബോഗിയിൽ ചാടിക്കയറി. ഒരു ചേച്ചി മുന്നറിയിപ്പു തന്നതിനാൽ രക്ഷപ്പെട്ടു. ഏതാനും മണിക്കൂറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും എല്ലാംകൊണ്ടും രസകരമായ ഒരു യാത്ര ആയിരുന്നു. കുറച്ചു പുതിയ വ്യക്തികളെക്കൂടി പരിചയപ്പെടാൻ പറ്റി. ആട്ടും പാട്ടും കൂടുതൽ നടത്താൻ ഇത്തവണ സമയം അത്ര കിട്ടിയില്ല എന്നൊരു സങ്കടം മാത്രം. പരിപാടികൾ ആസൂത്രണം ചെയ്ത എല്ലാവർക്കും നന്ദി. ഇടയ്ക്കിടയ്ക്ക് snacks ഒക്കെ തന്ന എല്ലാവർക്കും നന്ദി.... വീണ്ടും ഒരൊത്തുകൂടൽ പ്രതീക്ഷയിൽ തത്ക്കാലം എല്ലാവരും വിടപറഞ്ഞു പിരിഞ്ഞുപോയി.

**സ്നേഹപൂർവ്വം**
**ശ്രീധരൻ കെ. വി.**
**(1981 - 86 ബാച്ച്)**

# From UAE Chapter

## Iftar Kit Distribution 2026

On March 14, the 25th day of Ramadan, the NSSCE UAE Alumni organized an Iftar distribution in collaboration with AKCAF at the Al Quoz Labour Camp in Dubai. With the generous contributions of alumni members and the dedicated participation of more than 30 NSS volunteers, over 1,500 Iftar kits were distributed to workers.

This initiative reflects the strong spirit of service and community support among our NSSCE alumni, continuing the tradition of compassion and giving during the holy month of Ramadan.

















## From Maharashtra Chapter

### Maharashtra NSSCE Alumni Get-together – 25th April, 2026 at Vashi, Navi Mumbai

The NSSCE Alumni Maharashtra Chapter (MahaNSS) organized a members' get-together on 25 April 2026 at Merchants Gymkhana, Vashi, Navi Mumbai, Maharashtra. A total of 25 members from Mumbai, Pune, and Raigad districts attended the event. The meeting commenced at 7:00 PM and concluded at 10:30 PM, followed by dinner.

The welcome address was delivered by Sreenivasan D. This was followed by a self-introduction session by all attendees and a discussion on future programs. It was decided to organize a family get-together as part of the Onam celebrations. A nine-member committee was formed to organize the program, comprising Unnikrishnan P, Sreekath Iyer, Sreenivasan D, Yadunath Nair, Arunkumar, Sanush Arthakad, Kiran P, Sumesh R, and M. Jayakrishnan.

The meeting concluded with a vote of thanks delivered by Sreekanth Iyer.

Following the meeting, an orchestra named Nadhatharangam was launched by Yadunath Nair and Sreekanth Krishnan (both from the 1988 batch). They performed light music until 9:30 PM. The get-together concluded with a delicious dinner at 10:30 PM.







## From Oman Chapter







Oman Chapter Eid get together on 9th march 2026 at Native story.

# ALUMNI ACHIEVEMENTS



Daimler Truck Innovation Center India (DTICI) has appointed Radhakrishnan Kodakkal (1993 batch IC) as its MD and CEO. Kodakkal succeeds Raghavendra Vaidya, who has been elevated to the role of global Chief Information Officer at Daimler Truck AG.

# സ്വർണത്തിളക്കമുള്ള ശബ്ദവിസ്മയത്തിന് വിട!



ദിൽ ചീസ് ക്യാ ഹെ.. എന്ന ചോദ്യത്തിനൊപ്പം ഉസ്താവുവിന്റെ മെഹഫിലിന്റെ തബലയുടെ ധിനിധിനിപ്പ് മിടിച്ചതും ആ ഗാനരംഗത്തിൽ രേഖയുടെ കാൽച്ചിലങ്കകൾ കിലുങ്ങിയതും ഒരു തലമുറയുടെ നെഞ്ചിലാണ്. വിവശത എന്ന വാക്ക് പൂർണാർത്ഥത്തിൽ ആദ്യമായി അനുഭവിച്ചറിഞ്ഞത് ആശയുടെ ശബ്ദത്തിലാണ്. "മന് ക്യോം ബെഹ്കാ രേ ബെഹ്കാ ആധി രാത് കോ" (ഈ പാതിരാവിൽ മനസ്സിത്ര ചഞ്ചലമാവുന്നതെന്തേ) എന്ന് ലതയുടെ ശബ്ദത്തിൽ ചാരുദത്തന്റെ കാമുകിയായ വസന്തസേന ചോദിക്കുമ്പോൾ "ബേലാ മെഹ്കാ ഹെ മെഹ്കാ ആധി രാത് കോ" (ഈ പാതിരാവിൽ മുല്ല പൂത്തു മണം നിറയുന്നു) എന്ന് ചാരുദത്തന്റെ പത്നിയായ അദിതി ചാരെ നിന്ന് മറുപടി പാടുന്നതും ആശയുടെ ശബ്ദത്തിലാണ്. ഒരേ പുരുഷനെ സ്നേഹിക്കുന്ന രണ്ടു സ്ത്രീകളുടെ അസാധാരണമായ പാരസ്പര്യമാണ് ആ ഗാനത്തിന്റെ വിഷയം. ഉത്സവ് എന്ന ഗിരീഷ് കർണാടിന്റെ 1984 ക്ലാസിക്കിൽ രേഖയേയും അനുരാധാ പട്ടേലിനേയും വെച്ച് അശോക് മേത്ത ചിത്രീകരിച്ച ആ ഗാനരംഗം ഹൃദയഹാരിയാവുന്നതും, സംഗീതത്തെ ഒരുപോലെ പ്രണയിച്ച രണ്ട് സഹോദരിമാരുടെ ശബ്ദമാധുരികളുടെ മനോഹരമായ മിശ്രണം എന്ന നിലയിലാണ്.

1997ലിറങ്ങിയ സായി പരഞ്ജ്പൈയുടെ 'സാസ്' ലതയുടേയും ആശയുടേയും ജീവിതത്തിനോട് സമാനതകളുണ്ടെന്ന് ധ്വനിപ്പിക്കുന്ന ചിത്രമായിരുന്നു. പിന്നണിഗായികമാരായിത്തീർന്ന രണ്ടു സഹോദരിമാരുടെ കഥ. ജ്യേഷ്ഠത്തിയായി അരുണാ ഇറാനിയും അവഗണിക്കപ്പെട്ട അനുജത്തിയായി ശബാനാ ആസ്മിയും. നേരത്തെ പറഞ്ഞ ഉത്സവിലേതു പോലെ ഒന്നിച്ചുള്ള ഒരു ഗാനത്തിന്റെ റെക്കോഡിങ്ങ് വേളയിൽ അനിയത്തി പാടേണ്ട വരികൾ കൂടി കേറി പാടുന്ന ചേച്ചിയെ 'ലലലലലാ..' മാത്രം ബാക്കി പാടാൻ കിട്ടുന്ന അനിയത്തി നിരാശയോടെയും സങ്കടത്തോടെയും നോക്കി നിൽക്കുന്ന രംഗം ഒരുപക്ഷെ പൊലിപ്പിച്ചെടുത്തതാവാം. പക്ഷെ ആശാ ഭോസ്ലെ എന്ന, സ്വർണമുരുക്കിയൊഴിച്ചതു പോലെ തിളങ്ങിക്കത്തുന്ന ശബ്ദത്തിന്റെ ഉടമയ്ക്ക് അർഹിച്ചത് കിട്ടിയിട്ടില്ല എന്നത് സത്യം. തവായിഫുകളുടെ മെഹഫിലിലും കാബറേ ഫ്ലോറുകളിലും നിശാ ക്ലബ്ബുകളിലും വെറും ഐറ്റം നമ്പറുകളിലും ഒതുക്കപ്പെട്ട കാലം ഈ മഹാഗായികയ്ക്ക് ഉണ്ടായിരുന്നു എന്നതും നേരായിരുന്നിരിക്കാം. പക്ഷെ ആ ശബ്ദം കാലത്തെ അതിജീവിക്കുക തന്നെ ചെയ്തു. ജീവിതത്തിന്റെ നൈമിഷികപ്രകാശങ്ങളെ ആസ്വദിക്കാൻ ആഹ്വാനം ചെയ്യുന്ന ഒരു ഗാനമുണ്ട് 1965 ക്ലാസിക്കായ വക്തിൽ. അത് ഭജനോ, ഗസലോ, ശായരിയോ അല്ല. ഒരു ക്ലബ്ബ് പാർട്ടിയിലെ നൃത്തച്ചുവടുകൾക്കു വേണ്ടി ഒരു നിശാഗായിക ആശാ ഭോസ്ലെയുടെ ശബ്ദത്തിൽ പാടുന്നതാണ്.

" ആഗേ ഭീ ജാനേ ന തൂ, പീച്ഛേ ഭീ ജാനേ ന തൂ.. ജോ ഭീ ഹെ, ബസ് ഇക് പൽ ഹെ"

നൈമിഷികാഹ്ലാദങ്ങളാസ്വദിക്കാൻ മധുരശബ്ദത്തിൽ നിരന്തരം ഓർമ്മിപ്പിക്കുന്ന പ്രിയഗായികേ.. വിട..!



**നിരഞ്ജൻ ടി ജി**
**1985-89 batch Mechanical,**
**NSSCE**

# പൂവേ... നിനക്കായ്...

ഓമൽ പൂവേ നിന്നോർമ്മയിൽ...
താനേ തേങ്ങും മൺവീണയായ്....
ഞാൻ പാടും പാട്ടിന്റെ ഈണം മറന്നു പോയ്...
നാം കണ്ട സ്വപ്നത്തിൻ വർണ്ണങ്ങൾ മാഞ്ഞുപോയ്....

ഉള്ളിലുറയുമീ സ്നേഹമധുകണം...
നോവിൻ ഇശലുകളായ്...
നെഞ്ചിലുരുകുമീ പ്രണയനൊമ്പരം...
രാവിൽ ഗസലുകളായ്....

(ഓമൽ പൂവേ)

എൻ മിഴികളിൽ...
ഈ വഴികളിൽ...
നിൻ നിഴലുകൾ...
മാഞ്ഞു പോയ്...

എൻ കനവിലെ...
നിൻ ചിരികളും...
തേൻ മൊഴികളും..
മാഞ്ഞുപോയ്....

നിൻ വിരലുകൾ...
എൻ കവിളിലായ്...
പൂങ്കവിതകൾ...
തീർത്തതും....

നിൻ കരളിലായ്...
എൻ ചൊടികളാൽ...
പൂവിതളുകൾ...
കോർത്തതും...

എൻ കണ്ണിലെന്നും നിൻ മുഖം മാത്രം
എൻ നെഞ്ചിലെന്നും നിന്നോർമ്മ മാത്രം

എന്റെ നെറുകയിൽ...
ഒന്ന് തഴുകുവാൻ...
വീണ്ടുമരികിൽ വരൂ...

(ഓമൽ പൂവേ)

എൻ മനസ്സിലെ...
വെൺ പനിമതി...
കൂരിരുളിൽ....
മറഞ്ഞുപോയ്....

നാമിരുവരും....
ചേർന്നിരുന്നിടു--
മാ തണൽമരം...
വീണുപോയ്....

എൻ ഹൃദയവും...
നിൻ ഹൃദയവും...
ഒന്നാകും....
നാളിനായ്....

എൻ മനമിതിൽ....
പൊൻ കനവുമായ്....
നിൻ വരവിനായ്....
കാത്തു ഞാൻ....

നീയില്ലെങ്കിൽ... ഈ ലോകം ശൂന്യം....
നീ കൂടെയെങ്കിൽ...എൻ ജന്മ പുണ്യം...

പ്രാണൻ പിടയണ്....
നോവ് പടരണ്.....
ഇനിയെന്നു വരുമരികിൽ

(ഓമൽ പൂവേ)



**വിമൽ പാലായിൽ**
**Instructor Grade-1**
**ICE,NSSCE**

SCAN ME

TO LISTEN

# THE SUCCESS STORIES - 14

## SRI. MANOJ BALRAJ



Manoj Balraj is the Co-founder, Chief Marketing Officer (CMO) and President of Experion Technologies, headquartered in Dallas, Texas. With over three decades of experience, he is a seasoned business leader whose career spans business strategy, global sales, general management, and technology. Known for blending commercial insight with entrepreneurial vision, Manoj has consistently helped organizations scale with clarity, purpose, and strong market alignment. Before co-founding Experion Technologies, Manoj served as General Manager at IBS Software Services. Earlier in his career, he was honored with the Worldwide Ace of Sales Award at NIIT Technologies USA - an early testament to his leadership capability and consistent high performance. As one of the founding forces behind Experion Technologies, Manoj has played a pivotal role in transforming the company from a modest, bootstrapped startup into a globally respected Product Engineering Services organization. Today, the company employs over 1,650 engineers, serves more than 300 clients, and operates across 37 countries. Under his leadership, Experion achieved 111% growth, earned a place on the Inc. 5000 list for seven consecutive years, and was ranked among the fastest-growing mid-sized companies in the Dallas–Fort Worth region.

Manoj is recognized for balancing aggressive growth with long-term stewardship. In 2024, he co-led a strategic growth investment in Experion through EQT via Indium, positioning the company for its next phase of expansion while preserving its founder-led culture and core values. This milestone highlighted both the maturity of the organization and Manoj's disciplined, forward-looking approach to scaling businesses. At Experion, Manoj leads business strategy and global sales, shaping the company's market identity and growth trajectory. He has been instrumental in establishing a strong product engineering mindset within the organization, bringing clarity, differentiation, and discipline to its positioning in a competitive global market. This approach has helped Experion emerge as a trusted partner for enterprises building future-ready digital solutions. His leadership has earned recognition beyond the organization. Manoj was named a Dallas Business Journal C-Suite Leader Award winner and has also been nominated for the ORBIE Awards, reflecting his influence and impact within the Dallas - Fort Worth business community. Experion Technologies today partners with Fortune 100 and Fortune 500 companies across industries such as Healthcare, Retail & E-Commerce, Transportation and Logistics, Banking & Financial Services, Insurance, Automotive, and Construction & Engineering. The company has built strong relationships with globally recognized brands including Johnson & Johnson, Stellantis, Toyota, Volvo, Backroads, Black & Veatch, loanDepot, Solv Energy Inc., and Harley-Davidson. Through these partnerships, Manoj has helped clients unlock new revenue streams and build sustainable digital capabilities. As a member of the Forbes Business Council, Manoj actively contributes thought leadership on product engineering, digital transformation, and leadership. His perspectives reinforce Experion's reputation as a trusted partner for organizations navigating complex digital journeys.



**Dallas 100 award from SMU**

Beyond business success, Manoj is known for his people-centric leadership style. He champions a culture rooted in authenticity, creativity, inclusion, and appreciation - creating an environment where individuals can grow holistically and innovation is driven as much by people as by process. Manoj's influence extends well beyond the corporate sphere. He is deeply committed to mentoring and community-building initiatives, particularly those focused on youth development and entrepreneurship. He has supported mentoring organizations, contributed to entrepreneurship programs, and helped organize youth entrepreneurship events. Additionally, he is actively involved in nonprofit efforts and fundraising initiatives for underprivileged communities, often through arts and sports - based engagements. His commitment reflects a belief that meaningful success is measured by the positive impact one creates for others. As a charter member of TiE Dallas and an active investor with TiE Dallas Angels, Manoj plays a significant role in supporting early-stage startups in the Dallas–Fort Worth ecosystem. He has invested in several Dallas-based ventures and mentors founders on product-market fit, go-to-market strategy, and scalable growth. His guidance has contributed to shaping the next generation of entrepreneurs in the region. He has also served as a merit badge counselor and assistant scoutmaster with the Boy Scouts of America, reflecting his long-standing commitment to youth development and leadership. Outside of his professional life, Manoj has a deep passion for the creative arts. He actively pursues filmmaking, poetry and live theater and has participated in independent film productions, documentaries and community theater groups across Atlanta, Dallas, and California. His work in acting has earned him twelve award nominations and five Best Actor awards at international film festivals across the United States and Europe, highlighting his creative versatility and dedication to artistic expression.

**Major Awards & Recognition Highlights**

Experion Technologies has received multiple prestigious recognitions in the United States, including seven consecutive appearances on the Inc. 5000 list, a Top 100 ranking in the Inc. 5000 Regionals Southwest, inclusion in the Dallas 100, recognition among DFW's Fast 50 and Frost & Sullivan's 2022 Global Customer Value Leadership Award.

- **Fast 50 Award – Dallas Business Journal:** Ranked 22nd among the fastest-growing mid-sized companies in the Dallas–Fort Worth region.
- **Dallas Business Journal C-Suite Leader Award:** Manoj Balraj was honored with this award, including a Leader Spotlight feature.
- **Fast Company Innovation by Design Awards 2025:** Experion Technologies received an Honorable Mention for a human-centric healthcare digital platform.

Manoj Balraj's journey reflects a rare blend of strategic vision, operational excellence, creative passion, and community commitment - defining him as a leader who not only builds successful enterprises but also contributes meaningfully to society.



Dallas Fast 50 Award



Dallas Business Journal Top-30 'C Suite Leader' Award 2025

# @NSSCE







Principal Dr. Saju N. receiving the award from the Hon'ble Minister for NSSCE, Palakkad for securing 8th position in the Kerala Institutional Ranking Framework (KIRF) 2025 in the Engineering Category.



A team of 35 students, Prof. Kanmani Subbu & technical staff of IIT Palakkad visited mechanical department labs for practical training for their students in foundry, machining & hydraulics as part of our academic collaboration agreement.





Deepthi Memorial Endowment Scholarship constituted by 1998 - 2002 EEE batch, comprising of an appreciation certificate and cash award of Rs.10,000 was awarded to Nidha Fathimah of S8EEE and Aparna Raj of S6EEE.




FISAT - അങ്കമാലിയിൽ വച്ചു നടന്ന പ്രഥമ സാങ്കേതിക സർവകലാശാല ഇന്റർസോൺ വനിതാ ക്രിക്കറ്റ് ചാമ്പ്യൻഷിപ് NSSCE യുടെ പെൺകുട്ടികൾ കരസ്ഥമാക്കിയിരിക്കുന്നു.



Mr. Ananthapadmanabhan (S8 ME), Former Regional Coordinator of the Natural Resource Protection Force (NRPF), TCR-PKD Region, is being recognized for his remarkable leadership in undertaking the highest number of tree tagging initiatives. This honour reflects his unwavering dedication to environmental conservation & his inspiring efforts in guiding volunteers towards meaningful action.



NSS Units 128 and 198 of NSSCE have been honoured with a prestigious recognition for undertaking the highest number of tree tags under APJAKTU NSS Cell. This achievement reflects our commitment to environmental conservation and our collective responsibility towards a greener and sustainable future.




AIR 16 ! Team ASTRA secured All India Rank 16 at SAE ISS Drone Development Challenge DDC 2026, Chennai.



Our student team secured 3rd place in Best Dynamic Performance in SAE India Southern Section Bicycle Design Challenge 2026.

# സഹൃദയം 2026




എൻ.എസ്.എസ്. കോളേജ് ഓഫ് എഞ്ചിനീയറിങ്ങിലെ അധ്യാപക കൂട്ടായ്മയായ 'സഹൃദയം 2026', ഹൃദയങ്ങളെ ബന്ധിപ്പിച്ച ഒരു സ്നേഹസായാഹ്നമായി വിരിഞ്ഞു. രാഗവും താളവും നൃത്തച്ചുവടുകളും നാടകാഭിനയവും ചേർന്ന്, മറഞ്ഞിരുന്ന കഴിവുകൾ വേദിയിൽ പൂന്തുലഞ്ഞു. ദീർഘകാല സേവനത്തിന് ശേഷം വിരമിക്കുന്ന സഹപ്രവർത്തകരെ ആദരിച്ച നിമിഷങ്ങൾ, നന്ദിയും സ്മരണയും നിറഞ്ഞതാക്കി. സൗഹൃദത്തിന്റെ നനുത്ത താളത്തിൽ പതിഞ്ഞ ഈ സംഗമം, ഓർമ്മകളിൽ എന്നും മണക്കുന്ന ഒരു മനോഹര അധ്യായമായി മാറി.

# *Best wishes to our staff retiring this year....*



**Sri. Santhosh Kumar S.**
Associate Professor
Mechanical Department
(Treasurer, Alumni Association of NSSCE)
Joining Date: 13-08-2003
Retirement Date: 31-05-2026



**Sri. Ravisankar P.**
Trade Instructor Senior Grade
Mechanical Department
Joining Date: 02-09-1991
Retirement Date: 31-03-2026



**Sri. Sreekumar C.**
Trade Instructor Grade II
Mechanical Department
Joining Date: 07-11-1996
Retirement Date: 30-04-2026



**Sri. Vimesh Nair K.**
Workshop Superintendent
Mechanical Department
Joining Date: 14-09-1994
Retirement Date: 31-03-2026



**Sri. Sabarinath P.**
Trade Instructor Grade I
Electronics & Communication
Department
Joining Date: 20-06-1991
Retirement Date: 31-03-2026



**Sri. Santhosh Kumar L. P.**
Junior Superintendent
Office
Joining Date: 12-11-2003
Retirement Date: 31-03-2026




# OBITUARY


K G Jayesh
(2003 batch, Mechanical)


I V Rajagopal
(1977 batch, Civil)


Dhanesh Kurup
(1990 batch, ECE )


Hareendranath
(1974 batch, EEE )


Kocha Thampuran
(1960 batch, Mechanical)


M A Sajeev
(1980 batch, Civil)

## OFFICE BEARERS OF THE NSS COLLEGE OF ENGINEERING ALUMNI ASSOCIATION
## (formed in the AGB held on 10 November 2024)

**President:**
Dr.P.R.Sreemahadevan Pillai (1978-83)

**Working President:**
Dr.Saju N. (Principal)

**Secretary:**
Dr.Vasanthi V. (1992-96)

**Jt. Secretary:**
Prof.Murari K. (1973-77)

**Treasurer:**
Prof.Santhosh Kumar S. (1987-91)

**Executive Committee Members:**
1. Er.Usha R.Menon (1982-86)
2. Er.Ajith Mohan P. (1983-87)
3. Er.Raji K.P. (1985-89)
4. Er.Girikumar (1986-90)
5. Dr.Sidharth N. (1996-2000)
6. Dr.Leena N. (1998-02)
7. Dr.Praseeda K.I. (1999-03)
8. Dr.Nisha A.S. (2003-07)

**Chief Editor:** Dr.P.R.Sreemahadevan Pillai

**Editorial Advisor:** Dr.C.K.Subramania Prasad

**Managing Editor:** Dr.Leena N.

**Coordinating Editor:** Athira S.L.

**Editorial board members:**
Dr.Umadevi P.P.
Er.Ajith Mohan P.
Dr.Krishnachandran V.N.
Er.Niranjan T.G.
Er.Lijin N.T.

**CONNECT US**